29
2025
ജനുവരി
ബുധൻ
മകരം 16

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.63 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-63 | പേജ് 4. വില 2.00 രൂപ

02 വ്യവസായ മേഖലയിലെ മുന്നേറ്റങ്ങൾ ദാവോസ് ഫോറത്തിൽ അവതരിപ്പിച്ചു
03 കൂന്തലിന്റെ ജനിതക പ്രത്യേകതകൾ കണ്ടെത്തി, സുപ്രധാന നേട്ടവുമായി സിഎംഎഫ്ആർഐ
04 വിഴിഞ്ഞം തുറമുഖം; കരാർ 40 വർഷം, 2034 മുതൽ ലാഭവിഹിതം

# വിഴിഞ്ഞം തുറമുഖം രാജ്യത്തിന്റെ വ്യാപാര സാധ്യതകൾ വർധിപ്പിക്കും

വിഴിഞ്ഞം : വിഴിഞ്ഞം തുറമുഖം രാജ്യത്തിന്റെ വ്യാപാര സാധ്യതകൾ വർധിപ്പിക്കുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. തുറമുഖം പൂർണതോതിൽ പ്രവർത്തിക്കുന്നതോടെ നിർണായക വ്യാപാര കവാടമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് നടന്ന വിഴിഞ്ഞം കോൺക്ളേവ് 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിഴിഞ്ഞത്തിലൂടെ കേരളത്തെ വ്യാപാരത്തിന്റേയും ഉത്പാദനത്തിന്റേയും ആഗോള ഹബ് ആക്കുകയാണ് ലക്ഷ്യം. ഭാവിയിൽ രാജ്യത്തെ തന്നെ ഏറ്റവും വലിയ തുറമുഖമായി വിഴിഞ്ഞം മാറും. ഇതിനായി സർക്കാരും ബന്ധപ്പെട്ട വകുപ്പുകളും വരും ദിനങ്ങളിൽ ചെയ്യുന്ന കാര്യങ്ങൾ നിർണായകമാണ്. തെക്കേ ഏഷ്യയിലെ സവിശേഷമായ തുറമുഖമാണ് വിഴിഞ്ഞം. മറ്റു തുറമുഖങ്ങൾക്ക് അവകാശപ്പെടാൻ കഴിയാത്ത പ്രത്യേകതകൾ വിഴിഞ്ഞത്തിനുണ്ട്. വിഴിഞ്ഞത്തിലൂടെ രാജ്യത്തിന്റെ 50 ശതമാനം ട്രാൻഷിപ്പ്മെന്റ് പ്രവർത്തനങ്ങളും നടക്കും. നിലവിൽ ദുബായ്, കൊളംബോ തുടങ്ങിയ തുറമുഖങ്ങൾ വഴിയാണ് ഇത് നടക്കുന്നത്. കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങളുമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് ചരക്കുനീക്കം നടത്തുന്നതിനുള്ള നടപടികളുണ്ടാവും. അഴീക്കലിൽ പുതിയ തുറമുഖത്തിന്റെ പണി നടക്കുകയാണ്.

കിഫ്ബി സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, പുനലൂർ ഇൻഡസ്ട്രിയൽ ട്രയാംഗിൾ വികസിപ്പിക്കും. ഇതിന്റെ ഭാഗമായി വ്യത്യസ്ത വ്യവസായങ്ങൾ യാഥാർത്ഥ്യമാകുമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തെക്കുറിച്ചുള്ള നെഗറ്റീവ് കാഴ്ചപ്പാട് തെറ്റാണെന്ന് സംസ്ഥാനത്തിന്റെ വിവിധ നേട്ടങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. കഴിഞ്ഞ മൂന്നു നാലു പതിറ്റാണ്ടായി കേരളത്തിൽ സമരത്തിന്റെ പേരിൽ വ്യവസായ കേന്ദ്രങ്ങൾ ഒന്നും ആക്രമിക്കപ്പെട്ടിട്ടില്ല. ഭൂപ്രകൃതി അനുസരിച്ച് കേരളത്തെ നാം കൊച്ചു സംസ്ഥാനം എന്നാണ് വിശേഷിപ്പിക്കാറുള്ളത്. എന്നാൽ വിവിധ മേഖലകളിലെ നേട്ടങ്ങൾ പരിശോധിച്ചാൽ കേരളം വലിയ സംസ്ഥാനമാണെന്ന് വ്യക്തമാകും. രാജ്യത്ത് ഏറ്റവും അധികം പഞ്ചനക്ഷത്ര ഹോട്ടലുകൾ കേരളത്തിലാണുള്ളത്. വൻ നേട്ടങ്ങൾ കൊയ്ത വിവിധ വ്യവസായങ്ങളും കേരളത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി മന്ത്രി പറഞ്ഞു.

ശശി തരൂർ എം. പി, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, അദാനി പോർട്ട്സ് സി. ഇ. ഒ പ്രണവ് ചൗധരി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, തുറമുഖ പ്രിൻസിപ്പിൽ സെക്രട്ടറി കെ. എസ്. ശ്രീനിവാസ്, കെ. എസ്. ഐ. ഡി. സി എം. ഡി എസ്. ഹരികിഷോർ, വ്യവസായ വകുപ്പ് ഡയറക്ടർ മിർ മുഹമ്മദ് അലി, വിസിൽ എം. ഡി ദിവ്യ എസ്. അയ്യർ തുടങ്ങി വിവിധ ഉദ്യോഗസ്ഥരും വ്യവസായികളും ചടങ്ങിൽ സംബന്ധിച്ചു. കോൺക്ളേവ് 29ന് സമാപിക്കും.




വിഴിഞ്ഞം കോൺക്ലേവ് 2025: ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് ധനമന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു. വ്യവസായ മന്ത്രി പി. രാജീവ് സമീപം

# വിഴിഞ്ഞത്തിന്റെ സുസ്ഥിരത ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധം: എംഎസ്‌സി ഷിപ്പിങ് കമ്പനി




തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ സുസ്ഥിരവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പുവരുത്താൻ പ്രതിജ്ഞാബദ്ധമാണെന്ന് ലോകത്തെ മുൻനിര ഷിപ്പിങ് കമ്പനികളിലൊന്നായ മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനി മേധാവികളായ മിഷേലെ അവേസയും ഗെയ്താനോ എസ്പൊസിതോയും പറഞ്ഞു. 'വിഴിഞ്ഞം നാവിഗേറ്റിംഗ് ഫ്യൂച്ചർ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു ഇരുവരും. 155 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനിക്ക് 860 കപ്പലുകളുണ്ട്. ജനീവയാണ് എംഎസ്സിയുടെ ആസ്ഥാനം.

വിഴിഞ്ഞം തുറമുഖത്തെ ഉല്പാദനക്ഷമത തുടക്കത്തിൽ 35 എംപിഎച്ച് ആയിരുന്നത് നിലവിൽ 50 എംപിഎച്ച് ആണ്. ഡിസംബറിൽ കപ്പലുകളുടെ കാത്തിരിപ്പ് സമയം കുറയ്ക്കാൻ എംഎസ്!സി പരിശ്രമിച്ചു. ഇതുവഴി കപ്പലുകളുടെ ശരാശരി കാത്തിരിപ്പ് സമയം 9.8 മണിക്കൂറായി കുറഞ്ഞു. വിഴിഞ്ഞം ടെർമിനലിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാൻ എംഎസ്!സിയുടെ ഇടപെടലോടെ സാധിച്ചു.

വിഴിഞ്ഞത്ത് സുസ്ഥിര ആഗോള വിതരണ ശൃംഖല സൃഷ്ടിക്കാനാണ് എംഎസ്!സിയുടെ ശ്രമം. 2050ഓടെ നെറ്റ് സീറോ ഡീ കാർബണൈസേഷൻ കൈവരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. പ്രതിവർഷം 22.5 ദശലക്ഷത്തിലധികം ടിഇയുകൾ കൈകാര്യം ചെയ്യുന്ന എംഎസ്!സി, ആഗോള വ്യാപാര ശൃംഖലയിൽ വിഴിഞ്ഞം തുറമുഖം ഒരു സുപ്രധാന ഹബ്ബായി മാറുമെന്ന് ഉറപ്പാക്കുമെന്നും മിഷേലെ അവേസ പറഞ്ഞു.

# സോമേട്ടന്റെ ഓർമ്മകൾക്ക് രണ്ടു വർഷം



തിരുവനന്തപുരം : അന്തരിച്ച പ്രഗത്ഭ പത്രപ്രവർത്തകനും മലയാള മനോരമയുടെ സീനിയർ സ്പെഷൽ കറസ്പോണ്ടന്റുമായിരുന്ന ഇ.സോമനാഥിനെ സ്മരിക്കാനായി ഇ.സോമനാഥ് ഫ്രറ്റേണിറ്റിയും കേരള മീഡിയ അക്കാദമിയും ചേർന്ന് നടത്തുന്ന സമ്മേളനം മാസ്കറ്റ് ഹോട്ടലിൽ നാളെ(ബുധൻ) നാലുമണിക്ക് നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്യും. സിപിഐ മുൻ സംസ്ഥാന സെക്രട്ടറിയും ഫ്രറ്റേണിറ്റി ചെയർമാനുമായ പന്ന്യൻ രവീന്ദ്രൻ അധ്യക്ഷത വഹിക്കും. മുൻ നിയമസഭാ സ്പീക്കർ വി.എം.സുധീരൻ മുഖ്യാതിഥിയായിരിക്കും. ഇന്ത്യൻ എക്സ്പ്രസിന്റെ ചീഫ് പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റ് ഇ.പി.ഉണ്ണി'നിത്യഹരിത പരിസ്ഥിതി കാർട്ടൂണുകൾ' എന്ന വിഷയത്തിൽ സോമനാഥ് സ്മാരക പ്രഭാഷണം നടത്തും. 'ലോങ് കോവിഡ്': ധാരണകളും മേഖലകളും' എന്ന വിഷയത്തെക്കുറിച്ച് കേരള മീഡിയ അക്കാദമിയുടെ ഇ.സോമനാഥ് ചെയറിന്റെ അധ്യക്ഷൻ ഡോ.എം.വി.പിള്ള മുഖ്യ പ്രഭാഷണം നിർവഹിക്കും. മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്.ബാബു, ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ സിന്ധു സൂര്യകുമാർ എന്നിവർ പ്രസംഗിക്കും.

# 2029 ൽ വിഴിഞ്ഞത്ത് പോർട്ട് റെയിൽ ടണൽ യാഥാർത്ഥ്യമാകുമെന്ന് വിസിൽ സിഇഒ



തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ ഭാവിയും വളർച്ചയും തീരുമാനിക്കുന്നതിൽ മാതൃവ്യവസായത്തിന് (മദർ ഇൻഡസ്ട്രി) വലിയ പങ്കുണ്ടെന്നും അത് ഉടനെതന്നെ കണ്ടെത്തണമെന്നും നയാരാ എനർജി ചെയർമാൻ പ്രസാദ് കെ. പണിക്കർ പറഞ്ഞു. സിംഗപ്പൂർ, റോട്ടർഡാം തുറമുഖ നഗരങ്ങളുടെ വളർച്ചയ്ക്ക് നിദാനമായത് പെട്രോകെമിക്കൽ വ്യവസായമാണ്. ഷാങ്ഹായ് തുറമുഖ നഗരത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചത് ഇലക്ട്രോണിക്സാണ്. അതുപോലെ പോലെ വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാന വ്യവസായം എന്തായിരിക്കണമെന്ന് തീരുമാനിക്കേണ്ടതുണ്ട്. എണ്ണ ചരക്ക് നീക്കം അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ ബാറ്ററി, സോളാർ പാനൽ തുടങ്ങി പുതിയ ഊർജ്ജ പദ്ധതികളുടെ സാധ്യത തേടണമെന്നും അദ്ദേഹം പറഞ്ഞു. വിഴിഞ്ഞം കോൺക്ളേവിൽ 'ഇൻഡസ്ട്രിയൽ മാഗ്നറ്റിസം എന്തുകൊണ്ട് വിഴിഞ്ഞം നിങ്ങളുടെ അടുത്ത വ്യവസായിക ലക്ഷ്യമാകുന്നു' എന്ന പാനൽ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

റോഡ്, റെയിൽ, വ്യോമഗതാഗത കണക്ടിവിറ്റി, വ്യാവസായിക പ്രധാന്യം തുടങ്ങിയവ കണക്കിലെടുത്താൽ അന്താരാഷ്ട്ര സമുദ്ര ചരക്കു ഗതാഗതത്തിൽ വിഴിഞ്ഞത്തിന് വളരെയധികം പ്രാമുഖ്യമുണ്ട്. ഇതുപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. ദീർഘകാല പദ്ധതിയേക്കാൾ പ്രയോജനപ്പെടുക അടുത്ത 5 വർഷത്തിനുള്ളിൽ വിഴിഞ്ഞം എന്തായിരിക്കണമെന്ന് വിഭാവനം ചെയ്ത് നടപ്പാക്കുന്നതാണ്. സംസ്ഥാന സർക്കാർ മികച്ച വ്യാവസായിക, നിക്ഷേപക സൗഹൃദ അന്തരീക്ഷമാണ് ഒരുക്കുന്നത്. സർക്കാർ നയങ്ങൾ വ്യവസായങ്ങളെ പിന്തുണയ്ക്കുന്നതുമാണ്. പക്ഷേ, നമുക്ക് ഭൂമി ലഭ്യതയുടെ കാര്യത്തിൽ പരിമിതികളുണ്ട്. ആ പോരായ്മ പരിഹരിക്കുന്നതിനായി ഓട്ടോമേറ്റഡ് സാങ്കേതികവിദ്യ അടക്കമുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്താം. ഒപ്പം വിഴിഞ്ഞത്തിന്റെ കണക്ടിവിറ്റി ഉപയോഗപ്പെടുത്തി സ്ഥലപരിമിതി മറികടക്കാനുള്ള കാര്യങ്ങൾ ആസൂത്രണം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

2040ൽ ലോകത്തിലെ ഏറ്റവും മികച്ച തുറമുഖമാകണമെന്ന ലക്ഷ്യത്തിലാണ് സിംഗപ്പൂർ. കൃത്യമായ സമയക്രമം അനുസരിച്ചുള്ള പദ്ധതിയൊരുക്കിയാൽ വിഴിഞ്ഞത്തിനും ലോകത്തോര നിലവാരത്തിലേക്ക് ഉയരാനാകുമെന്ന് എവിടി മക്കോർമിക് മാനേജിംഗ് ഡയറക്ടർ സുഷമ ശ്രീകണ്ഠത്ത് പറഞ്ഞു. വിഴിഞ്ഞത്തേക്കുള്ള ചരക്ക് നീക്കത്തിനായി കൃത്യമായ ട്രാൻസിറ്റ് പ്ളാൻ നടപ്പാക്കാനായാൽ വ്യവസായികൾക്ക് ഗുണകരമായിരിക്കും. ഉറവിടത്തിൽ നിന്ന് വിഴിഞ്ഞത്തേക്ക് ഉത്പന്നങ്ങളെത്തിക്കാൻ കൃത്യമായ റോഡ്, റെയിൽ സംവിധാനങ്ങളുണ്ടാകണം. ഇതിനായി സർക്കാരും വ്യവസായികളും പൊതുജനങ്ങളും ഒന്നിച്ച് മുന്നിട്ടിറങ്ങണം. എങ്കിലേ ലാഭകരമായി സപ്ളൈ ചെയിൻ നിലനിറുത്താനാകൂ. പ്രാദേശിക സംരംഭങ്ങളെ കയറ്റുമതിയുടെ പാതയിലേക്കെത്തിക്കാനും ലോകവിപണിയിൽ ഇടം നേടിക്കൊടുക്കാനും വിഴിഞ്ഞം തുറമുഖത്തിന് കഴിയുമെന്നും സുഷമ പറഞ്ഞു.

വിഴിഞ്ഞത്തേക്കുള്ള ചരക്കുനീക്കം സുഗമമാക്കുന്നതിനായി കണ്ടെയ്നർ റെയിൽ കണക്ടിറ്റിവിറ്റി ആവശ്യമാണെന്നും 2029ൽ തുറമുഖ റെയിൽ ടണൽ യാഥാർത്ഥ്യമാകുമെന്നും വിസിൽ സിഇഒ ശ്രീകുമാർ കെ നായർ പറഞ്ഞു. ചർച്ചയിൽ മോഡറേറ്ററായിരുന്നു അദ്ദേഹം. ആദിത്യ ബിർള ഗ്രൂപ്പ് സീനിയർ വൈസ് പ്രസിഡന്റ് ബിനോയ് ബി, സിന്തൈറ്റ് മാനേജിംഗ് ഡയറക്ടർ ഡോ. വിജു ജേക്കബ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.





ഭിന്നശേഷി കമ്മീഷണറേറ്റ് നിർമ്മിച്ച ബോധവൽക്കരണ ഹ്രസ്വചിത്രങ്ങൾ മന്ത്രി ആർ ബിന്ദു പ്രകാശനം ചെയ്യുന്നു




ദാവോസ് വേൾഡ് ഇക്കണോമിക് ഫോറ(ഡബ്ല്യുഇഎഫ്)ത്തിലെ കേരള ഡെലിഗേഷനുമായി ബന്ധപ്പെട്ട വാർത്താസമ്മേളനത്തിൽ വ്യവസായ മന്ത്രി പി. രാജീവ് സംസാരിക്കുന്നു. ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ ജയതിലക്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ എന്നിവർ സമീപം.

# ഭിന്നശേഷി ബോധവൽക്കരണ ഹ്രസ്വചിത്രങ്ങൾ മന്ത്രി ഡോ. ആർ ബിന്ദു പ്രകാശനം ചെയ്തു

ഭിന്നശേഷിക്കാർക്കായി സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് പുറത്തിറക്കിയ രണ്ട് ബോധവൽക്കരണ ഹ്രസ്വചിത്രങ്ങൾ ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു പ്രകാശനം ചെയ്തു. ഭിന്നശേഷി അവകാശ നിയമത്തിലെ പ്രസക്ത വകുപ്പുകൾ അടിസ്ഥാനമാക്കിയാണ് ചിത്രങ്ങൾ തയാറാക്കിയത്. ഭിന്നശേഷിക്കാരുടെ അവകാശങ്ങളും അവർക്കായി സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പൊതുസമൂഹത്തിലെത്തിക്കുവാൻ ഹ്രസ്വചിത്രങ്ങൾ പ്രയോജനപ്പെടുമെന്ന് മന്ത്രി പറഞ്ഞു. 3 മിനിട്ട് ദൈർഘ്യമുള്ള രണ്ട് ഹ്രസ്വചിത്രങ്ങളുടെ നിർമ്മാണം കെ.എസ്.എഫ്.ഡി.സിയാണ്.ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 19 പ്രകാരം ഭിന്നശേഷിക്കാർക്ക് സൗജന്യമായി സ്വയം തൊഴിൽ പരിശീലനം, കുറഞ്ഞ നിരക്കിൽ സ്വയം തൊഴിൽവായ്പ ലഭ്യമാക്കൽ, സെക്ഷൻ 37 പ്രകാരം സർക്കാർ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളിൽ ഭിന്നശേഷിക്കാർക്കുള്ള അഞ്ച് ശതമാനം സംവരണം എന്നിവയാണ് ഹ്രസ്വചിത്രങ്ങളുടെ പ്രമേയം.

സിനിമ തിയേറ്ററുകളിലും സാമൂഹ്യനീതി വകുപ്പിന്റെ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള സർക്കാർ പരിപാടികളിലും ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കും.

## പിജി മെഡിക്കൽ കോഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024-ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി) കോഴ്സ് പ്രവേശനത്തിന് പുതുതായി അപേക്ഷ സമർപ്പിച്ചവരെയും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ അന്തിമ മെരിറ്റ് ലിസ്റ്റും കാറ്റഗറി ലിസ്റ്റും www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0471 2525300.

## ടെണ്ടർ ക്ഷണിച്ചു

തിരുവനന്തപുരം ജില്ലാ വനിത ശിശു വികസന ഓഫീസിന്റെ ഔദ്യോഗിക ആവശ്യത്തിന് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ കാർ / ജീപ്പ് പ്രതിമാസ വാടകയ്ക്ക് നൽകുന്നതിന് താൽപര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്കും ടെണ്ടർ ഫോമിനും ജില്ലാ വനിത ശിശു വികസന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0471 2969101. ടെണ്ടർ ഫോം ഫെബ്രുവരി രണ്ടിന് ഉച്ചയ്ക്ക് 12.30 വരെ ലഭിക്കും.

## അഭിമുഖം

വയനാട്, സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ/ ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തുന്നു. എം ബി ബി എസ് യോഗ്യതയും, ടി സി എം സി / കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ (ജല്യാമിലിഭ) രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം.

താൽപര്യമുള്ളവർക്ക് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ (SSLC & UG) മാർക്ക് ലിസ്റ്റ് ഉൾപ്പെടെ, പ്രവൃത്തി പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ്സ് തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം ഫെബ്രുവരി 2 രാവിലെ 11 ന് വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം.

## വിലനിലവാര സൂചിക

എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2024 നവംബർ മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2024 ഒക്ടോബർ മാസത്തിലേത് ബ്രാക്കറ്റിൽ. തിരുവനന്തപുരം 208 (207), കൊല്ലം 204 (203), പുനലൂർ 200 (201), പത്തനംതിട്ട 217 (219), ആലപ്പുഴ 204 (206), കോട്ടയം 214 (216), മുണ്ടക്കയം 213 (213), ഇടുക്കി 208 (210), എറണാകുളം 202 (203), ചാലക്കുടി 219 (220), തൃശൂർ 214 (216), പാലക്കാട് 197 (198), മലപ്പുറം 207 (209), കോഴിക്കോട് 213 (212), വയനാട് 204 (206), കണ്ണൂർ 215 (216), കാസർഗോഡ് 222 (224).

## മാധ്യമ ദിനാഘോഷം 29ന്; സ്പീക്കർ ഉദ്ഘാടനം ചെയ്യും

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരി 29 ന് മാധ്യമദിനാഘോഷം സംഘടിപ്പിക്കുന്നു. മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ 12 മണിക്ക് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്യും. കോർപറേറ്റ്വത്ക്കരണ കാലത്തെ മാധ്യമ പ്രവർത്തനം എന്ന വിഷയത്തിൽ ദ ടെലിഗ്രാഫിലെ എഡിറ്റർ അറ്റ് ലാർജ് ആർ രാജഗോപാൽ പ്രഭാഷണം നടത്തും. വിവിധ കോളേജുകളിലെ ജേണലിസം വിദ്യാർത്ഥികളുമായി അദ്ദേഹം ആശയവിനിമയം നടത്തും. വകുപ്പ് സെക്രട്ടറി എസ് ഹരികിഷോർ സ്വാഗതം ആശംസിക്കും. മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, കെയുഡബ്ല്യുജെ സംസ്ഥാന കമ്മിറ്റി സെക്രട്ടറി ബി അഭിജിത്ത്, കെയുഡബ്ല്യുജെ തിരുവനന്തപുരം ജില്ലാ സെക്രട്ടറി അനുപമ ജി നായർ എന്നിവർ ആശംസകൾ അർപ്പിക്കും. വകുപ്പ് ഡയറക്ടർ ടി വി സുഭാഷ് നന്ദി പറയും.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൽ ഗവ. ഐ.ടി.ഐയിൽ ഒഴിവുള്ള ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിൽ എസ്.ടി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള ഒരു ഒഴിവിലേക്ക് ഫെബ്രുവരി 3 ന് അഭിമുഖം നടത്തും. ഇലക്ട്രോണിക്സ് / ഇലക്ട്രോണിക്സ് ആന്റ് ടെലി കമ്മ്യൂണിക്കേഷൻ / ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ വിഷയത്തിൽ എൻജിനീയറിങ് ഡിഗ്രി / ഡിപ്ലോമ എല്ലെങ്കിൽ ട്രേഡിൽ എൻടിസിയും മൂന്ന് വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ എൻഎസിയും ഒരു വർഷത്തെ പ്രവർത്തിപരിചയവും ഉള്ളവർക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളുമായി രാവിലെ 10.30 ന് ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം.

## ഭവന പദ്ധതിയിലേക്ക് അപേക്ഷിക്കാം

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ ഭവനരഹിതരായ അംഗങ്ങൾക്കായി ഒരു ഭവന നിർമാണ പദ്ധതി സർക്കാർ നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കുന്നു. അപേക്ഷാ ഫോമുകൾ ഫെബ്രുവരി ഒന്നു മുതൽ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫിസുകൾ വഴി വിതരണം ചെയ്യും. പൂരിപ്പിച്ച അപേക്ഷകൾ മതിയായ രേഖകൾക്കൊപ്പം മാർച്ച് 31 ന് മുമ്പായി ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫിസുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കായി അതത് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫിസുകളുമായി ബന്ധപ്പെടുക.

## മംഗല്യ സമുന്നതിയിലേക്ക് അപേക്ഷിക്കാം

കേരളത്തിലെ മുന്നാക്ക സമുദയങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും 2024 ജനുവരി 1 നു ഡിസംബർ 31 നുമിടയിൽ വിവാഹിതരായ പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന മംഗല്യ സമുന്നതി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള മുൻഗണന എഎവൈ, മുൻഗണന വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് അപേക്ഷിക്കാം. ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ളവരിൽ അർഹരായവർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായി ധനസഹായം അനുവദിക്കും. അപേക്ഷകൾ ഫെബ്രുവരി 12 നകം സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് : www.kswcfc.org.

## മീഡിയ അവാർഡിന് 31വരെ അപേക്ഷിക്കാം

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിന്റെ ഭാഗമായി പുസ്തകോത്സവം സംബന്ധിച്ച വാർത്തകൾ മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്ത മാധ്യമസ്ഥാപനങ്ങൾക്കും മാധ്യമപ്രതിനിധികൾക്കും ഏർപ്പെടുത്തിയിട്ടുള്ള മാധ്യമ അവാർഡിന് അപേക്ഷിക്കാനുള്ള അവസാന തീയതി ജനുവരി 31 വരെ നീട്ടി. അപേക്ഷകൾ സെക്രട്ടറി, കേരള നിയമസഭ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കണം. അപേക്ഷാ ഫോറവും മാർഗനിർദ്ദേശങ്ങളും കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamasabha.org ൽ ലഭ്യമാണ്.

## വിജ്ഞാപനം പ്രസിദ്ധീകരിച്ചു

മാർച്ചിൽ നടക്കുന്ന ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദമായ വിജ്ഞാപനം പരീക്ഷാഭവന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (www.pareekshabhavan.kerala.gov.in).

# വ്യവസായ മേഖലയിലെ മുന്നേറ്റങ്ങൾ ദാവോസ് ഫോറത്തിൽ ഫലപ്രദമായി അവതരിപ്പിക്കാൻ കേരളത്തിനായി: മന്ത്രി

തിരുവനന്തപുരം: സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന 55ാമത് വേൾഡ് ഇക്കണോമിക് ഫോറ (ഡബ്ല്യുഇഎഫ്) ത്തിൽ വ്യവസായ മേഖലയിൽ കൈവരിച്ച മുന്നേറ്റങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാനും ശ്രദ്ധേയ സാന്നിധ്യമാകാനും കേരളത്തിന് സാധിച്ചുവെന്ന് വ്യവസായ മന്ത്രി പി. രാജീവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിനുള്ള സാധ്യതകൾ തുറന്നിടുന്ന ഫലപ്രദമായ ചർച്ചകൾ നടത്താനും ജനുവരി 20 മുതൽ 24 വരെ നടന്ന ഫോറത്തിലെ പങ്കാളിത്തത്തിലൂടെ കേരളത്തിന് സാധിച്ചുവെന്നും മന്ത്രി വ്യക്തമാക്കി.

ഫോറത്തിലെ കേരള പവലിയനിലൂടെയുള്ള പ്രതിനിധി സംഘത്തിൻറെ വിജയകരമായ ഇടപെടൽ ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടിക്ക് ഗുണകരമാകും. സംസ്ഥാനത്തെ ഭാവി വ്യവസായ നിക്ഷേപ സാധ്യതയ്ക്കും ഇത് കരുത്ത് പകരും. 70 ഓളം കമ്പനി പ്രതിനിധികളോടും വ്യവസായ പ്രമുഖരോടുമാണ് ദാവോസിൽ വ്യവസായ മന്ത്രി വൺ ടു വൺ ചർച്ച നടത്തിയത്. അനുകൂലമായ സർക്കാർ നയങ്ങളിലൂടെ കേരളത്തിൻറെ വ്യവസായ മേഖലയിലുണ്ടായ വളർച്ചയും നിക്ഷേപ സൗഹൃദ അന്തരീക്ഷവും ചർച്ചയിൽ എടുത്തുകാട്ടി. ഐടി മുതൽ എംഎസ്എംഇ വരെ കേരളം വളർച്ച കൈവരിച്ച വിവിധ മേഖലകൾ കേന്ദ്രീകരിച്ചാണ് വ്യവസായ പ്രമുഖരുമായി ആശയവിനിമയം നടത്തിയത്.

ഡീകാർബണൈസ് ചെയ്യാനുള്ള തങ്ങളുടെ ശ്രമങ്ങൾക്ക് വേൾഡ് ഇക്കണോമിക് ഫോറം ആഗോളതലത്തിൽ അംഗീകരിച്ച 13 പ്രമുഖ വ്യവസായ ക്ലസ്റ്ററുകളിലൊന്നായി കേരള ഗ്രീൻ ഹൈഡ്രജൻ വാലി പദ്ധതിയുടെ പ്രഖ്യാപനം. ഓസ്ട്രേലിയ, ബ്രസീൽ, കൊളംബിയ, ഇന്ത്യ, നെതർലാൻഡ്സ്, സൗദി അറേബ്യ, സ്വീഡൻ, തായ്ലൻഡ്, യുണൈറ്റഡ് കിംഗ്ഡം തുടങ്ങിയ രാജ്യങ്ങളിൽ ഈ പദ്ധതികൾ വ്യാപിച്ചുകിടക്കുന്നു. സംസ്ഥാനത്തിൻറെ വാർഷിക കാർബൺ ഡൈഓക്സൈഡ് എമിഷൻറെ ഏകദേശം 50% വരുന്ന നിർണായക മേഖലകളിൽ, പ്രത്യേകിച്ച് ഗതാഗതം, കാർബൺ ഉദ്വമനം കുറയ്ക്കുന്നതിനാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. കേരളത്തിലെ ഹരിത ഹൈഡ്രജൻറെ ആവശ്യം ഇപ്പോൾ ആറ് മേഖലകളിലാണ് (റിഫൈനറികൾ, വളങ്ങൾ, റോഡ് ഗതാഗതം, ജലഗതാഗതം, രാസവസ്തുക്കൾ, കയറ്റുമതി) കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് കണക്കാക്കപ്പെടുന്നു. ഹ്രസ്വകാലത്തേക്ക് ഏകദേശം 30 മില്യൺ ഡോളറിൻറെ നിക്ഷേപ പ്രവർത്തനമാണ് ഹൈഡ്രജൻ വാലി പ്രതീക്ഷിക്കുന്നത്. കൂടാതെ, അമോണിയ കയറ്റുമതിക്കായി ഏകദേശം 1.2 ബില്യൺ യുഎസ് ഡോളറിൻറെ പ്രൊജക്റ്റ് നിർദ്ദേശങ്ങൾ വാലി വിലയിരുത്തുന്നു. 2030ഓടെ പ്രതിവർഷം അഞ്ച് ദശലക്ഷം ടൺ ഗ്രീൻ ഹൈഡ്രജൻ ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന ഇന്ത്യയുടെ ദേശീയ ഹരിത ഹൈഡ്രജൻ മിഷനുമായി സംസ്ഥാനത്തിൻറെ ശ്രമങ്ങൾ നന്നായി യോജിക്കുന്നു.

സർക്കാരിൻറെ പുതിയ വ്യവസായ നയത്തിൽ നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ചു. ഇത് കേരളത്തിൻറെ നിക്ഷേപ മേഖലയിൽ വലിയ സ്വാധീനം ചെലുത്തും. എ ബി ഇൻബെവ്, ഗ്രീൻകോ, ഹിറ്റാച്ചി, ടിവിഎസ് ലോജിസ്റ്റിക്സ്, ജൂബിലൻറ്, ഭാരത് ഫോർജ്, എച്ച്സിഎൽ, സിഫി, വെൽസ്പൺ, ഇൻഫോസിസ്, വാരി, സുഹാന സ്പൈസസ് തുടങ്ങിയ കമ്പനികളിൽ നിന്ന് കേരളം നിക്ഷേപം പ്രതീക്ഷിക്കുന്നുവെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

വ്യവസായ മന്ത്രിയുടെ നേതൃത്വത്തിലുള്ള കേരള പ്രതിനിധി സംഘത്തിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ ജയതിലക്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ എന്നിവരാണ് ഉണ്ടായിരുന്നത്.

'വി ആർ ചേഞ്ചിങ് ദ നേചർ ഓഫ് ബിസിനസ്' എന്ന പ്രമേയം ഉൾക്കൊള്ളുന്ന ഡബ്ല്യുഇഎഫിലെ ഇന്ത്യ പവലിയൻറെ ഭാഗമായി സജ്ജീകരിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് പവലിയൻ ആദ്യ ദിവസം മുതൽ സംരംഭകരെയും നിക്ഷേപകരെയും ആകർഷിച്ചുവെന്ന് മന്ത്രി പറഞ്ഞു. ആദ്യമായാണ് ഡബ്ല്യുഇഎഫിൽ കേരളം പവലിയൻ ഒരുക്കിയത്. കേരളത്തിൻറെ വ്യവസായ സാധ്യതകളും നിക്ഷേപ സൗഹൃദ അന്തരീക്ഷവുമാണ് പവലിയൻ പ്രതിഫലിപ്പിച്ചത്. കേരളം വ്യവസായ സൗഹൃദമാണെന്ന സന്ദേശം നൽകുന്നതിലൂടെ കൂടുതൽ നിക്ഷേപം ആകർഷിക്കാനും ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ ഒന്നാമതെത്തിയ ശേഷമുള്ള കേരളത്തിൻറെ നിക്ഷേപ സാധ്യതകളും ഫെബ്രുവരിയിൽ നടക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമത്തിൻറെ വിവരങ്ങളും പവലിയനിലൂടെ പരിചയപ്പെടുത്തി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, പാലക്കാട് വ്യാവസായിക ഇടനാഴി, കേരളത്തിൻറെ സുസ്ഥിര, ഉത്തരവാദിത്ത വ്യവസായ മാതൃക എന്നിവയ്ക്ക് പവലിയനിൽ ഊന്നൽ നൽകി.

ഡബ്ല്യുഇഎഫിൽ കേരള പവലിയൻ സ്ഥാപിക്കുക വഴി ലോകത്തെ പ്രധാന നിക്ഷേപകർക്ക് മുന്നിൽ കേരളത്തെ പരിചയപ്പെടുത്താനും സംരംഭക ആവാസവ്യവസ്ഥ അവതരിപ്പിക്കാൻ അവസരമൊരുക്കിയതായും പി. രാജീവ് പറഞ്ഞു. ജനങ്ങളെ പിന്തുണച്ചുകൊണ്ടും പരിസ്ഥിതിക്ക് ദോഷം വരുത്താതെയുമുള്ള വ്യവസായങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന സന്ദേശമാണ് കേരളം മുന്നോട്ടുവച്ചത്. പ്രകൃതി, ജനങ്ങൾ, വ്യവസായം (നേച്ചർ, പിപ്പിൾ, ഇൻഡസ്ട്രി) എന്നതാണ് ഇൻവെസ്റ്റ് കേരളയുടെ ടാഗ് ലൈൻ. സുസ്ഥിരതയും ഉത്തരവാദിത്തവുമുള്ള വ്യവസായ നയത്തിന് നൽകുന്ന പ്രാധാന്യവും വൈവിധ്യവും ഉൾപ്പെടുത്തലുമാണ് കേരളത്തിലെ വ്യവസായത്തിൻറെ ശക്തിയെന്നുമുള്ള ആശയങ്ങൾ സംസ്ഥാനം സംരംഭകരോട് പങ്കുവച്ചു.

ഐടി, സ്പേസ് ടെക്, മെഡിക്കൽ ഡിവൈസ്, ഹെൽത്ത് കെയർ, മാരിടൈം, ടൂറിസം, സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യസംസ്കരണം, സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്ന സംസ്കരണം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ കേരളം ആകർഷകമായ നിക്ഷേപ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്നും എംഎസ്എംഇ മേഖലയിൽ സംസ്ഥാനം വലിയ കുതിച്ചുചാട്ടം നടത്തിയിട്ടുണ്ടെന്നും കേരള പവലിയൻ വ്യക്തമാക്കി.

ദാവോസിൽ നാല് പാനൽ ചർച്ചകളിൽ പങ്കെടുത്ത കേരള പ്രതിനിധി സംഘാംഗങ്ങൾ സംസ്ഥാനത്തിൻറെ വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തെയും ഇഗവേണൻസ് ഭരണതലത്തിൽ വരുത്തിയ ഗുണപരമായ മാറ്റങ്ങളും വിശദീകരിച്ചു. ദി ഡിജിറ്റൽ ഡിവിഡൻറ് എന്ന വിഷയത്തിൽ വ്യവസായ മന്ത്രി പി. രാജീവ്, കേരളത്തെ ഡീപ്ടെക് ഹബ്ബായി സ്ഥാപിക്കൽ എന്ന പ്രമേയത്തിൽ നടന്ന സെഷനിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ഇഗവേണൻസ് സംബന്ധിച്ച് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, ബയോടെക്/ഫാർമ മേഖലയെ കുറിച്ചുള്ള പാനലിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് എന്നിവർ കേരളത്തെ പ്രതിനിധീകരിച്ച് സംസാരിച്ചു.

സുസ്ഥിരവും സമഗ്രവുമായ വികസന ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് പുരോഗതി കൈവരിക്കുന്ന കേരളത്തിൻറെ വ്യവസായ മാതൃക ദാവോസിൽ പ്രശംസ നേടി. വളർച്ചയും സാമൂഹിക പുരോഗതിയും സന്തുലിതമാക്കുന്ന നയങ്ങൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ആഗോള പങ്കാളികളിൽ നിന്നും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളിൽ നിന്നുമാണ് കേരളം അഭിനന്ദനം നേടിയത്. കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾ നേരിടുന്ന കാലത്ത് ജനങ്ങളെ പിന്തുണച്ചുകൊണ്ടും പരിസ്ഥിതിക്ക് ദോഷം വരുത്താതെയുമുള്ള വ്യവസായ മാതൃകയ്ക്ക് ഊന്നൽ നൽകുന്നതും ശ്രദ്ധിക്കപ്പെട്ടു.

ഡബ്ല്യുഇഎഫിൽ കേരളം ശക്തമായ സാന്നിധ്യം പ്രകടിപ്പിച്ചുവെന്ന് പി. രാജീവ് പറഞ്ഞു. സുപ്രധാന നിക്ഷേപ കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് നടത്തിയ നയ സംരംഭങ്ങളും പരിഷ്കാരങ്ങളും ദാവോസിൽ ഫലപ്രദമായി പ്രദർശിപ്പിച്ചു. കൂടാതെ കേരളത്തിൻറെ വ്യവസായ മേഖലയെ കുറിച്ചുള്ള മുൻവിധികളും അനുമാനങ്ങളും മാറ്റുന്നതിലും സമ്മേളനം നിർണായകമായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ ഒന്നാമെത്തിയ കേരളത്തിൻറെ നേട്ടത്തെ മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ അഭിനന്ദിച്ചുവെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഇന്ത്യയിൽ നിന്ന് ആറ് സംസ്ഥാനങ്ങൾക്കാണ് ദാവോസിൽ പവലിയൻ ഉണ്ടായിരുന്നത്. ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, തെലങ്കാന, ഉത്തർപ്രദേശ് എന്നിവയാണ് മറ്റ് സംസ്ഥാനങ്ങൾ.

ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ ജയതിലക്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## ഡിജിറ്റൽ യുഗത്തിൽ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം: റിച്ചാർഡ് സ്റ്റാൾമാൻ

കൊച്ചി: ഡിജിറ്റൽ യുഗത്തിൽ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനായി വ്യക്തികൾ പോരാടണമെന്ന് സ്വതന്ത്ര സോഫ്റ്റ്വേർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ റിച്ചാർഡ് സ്റ്റാൾമാൻ. ജെയിൻ സർവകലാശാലയിൽ നടക്കുന്ന 'സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025'ൽ 'ഡിജിറ്റൽ സൊസൈറ്റിയിലെ സോഫ്റ്റ്വെറും സ്വാതന്ത്ര്യവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സ്വതന്ത്ര സോഫ്റ്റ്വേറുകളുടെ ഉപയോഗം ഈ രംഗത്തെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിനുള്ള ഉപാധിയാണ്. ആർട്ടിഫിഷൽ ഇൻറലിജൻസിന്റെ ഉപയോഗം കൃത്രിമ വിഡ്ഢിത്തമാണ്. ചാറ്റ് ജിപിടിയെ ആർട്ടിഫിഷൽ ഇൻറലിജൻസ് എന്നു വിശേഷിപ്പിക്കാനാകില്ല. വാക്യങ്ങൾ ഉപയോഗിച്ച് എങ്ങനെ കളിക്കണമെന്ന് അതിനറിയാം.

ചാറ്റ് ജിപിടി ഉപയോഗിക്കുന്ന ഓരോരുത്തരും ഒരു കാര്യം അറിഞ്ഞിരിക്കേണ്ടതുണ്ട്; വിഡ്ഢിത്തം ഉത്പാദിപ്പിക്കുന്ന ഒരു മെഷീനുമായിട്ടാണ് നിങ്ങൾ ഇടപെടുന്നത്. സ്വതന്ത്ര സോഫ്റ്റ്വേർ വികസിച്ചുകൊണ്ടിരിക്കുന്ന പദ്ധതിയാണ്. നൂറുകണക്കിന് സന്നദ്ധപ്രവർത്തകർ പ്രോജക്ടുകളിൽ പ്രവർത്തിക്കുന്നുണ്ടെന്നും സ്റ്റാൾമാൻ പറഞ്ഞു.

# വടക്കൻ ഗാസയിലേക്ക് വഴി തുറന്ന് ഇസ്രയേൽ

കയ്റോ: മൂന്നു ബന്ദികളെക്കൂടി വെള്ളിയാഴ്ചയ്ക്കകം മോചിപ്പിക്കാമെന്ന് ഹമാസ് അറിയിച്ചതോടെ പലസ്തീനികൾക്കു വടക്കൻ ഗാസയിലേക്കു പോകാൻ ഇസ്രയേൽ അനുമതി നല്കി. വനിതാ ബന്ദിയായ അർബൽ യഹൂദ്, മറ്റു രണ്ടു പേർ എന്നിവരെ മോചിപ്പിക്കാമെന്നാണ് ഹമാസ് അറിയിച്ചത്.

ഹമാസ് ശനിയാഴ്ച അഞ്ചിനു പകരം നാലു ബന്ദികളെ മാത്രം മോചിപ്പിച്ച പശ്ചാത്തലത്തിലാണ് ഇസ്രേലി സേന വടക്കൻ ഗാസയിലേക്കുള്ള റോഡുകൾ ഉപരോധിച്ചത്.

ഇസ്രേലി ആക്രമണങ്ങൾ മൂലം ഗാസയുടെ മറ്റു ഭാഗങ്ങളിലേക്കു പലായനം ചെയ്യേണ്ടിവന്ന വടക്കൻ ഗാസ നിവാസികൾക്ക് ശനിയാഴ്ച മുതൽ സ്വപ്രദേശങ്ങളിലേക്കു മടങ്ങാമെന്നായിരുന്നു വെടിനിർത്തൽ ധാരണയിൽ പറഞ്ഞിരുന്നത്.

എന്നാൽ, ഹമാസ് ശനിയാഴ്ച അർബൽ യഹൂദ് എന്ന വനിതാ ബന്ദിയെ വിട്ടയയ്ക്കാൻ കൂട്ടാക്കാതിരുന്നത് വെടിനിർത്തൽ ലംഘനമാണെന്നാരോപിച്ച ഇസ്രയേൽ വടക്കൻ ഗാസയിലേക്കുള്ള ജനനീക്കം തടയുകയായിരുന്നു. പ്രശ്നം പരിഹരിക്കാതെ റോഡുകൾ തുറക്കില്ലെന്ന് ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പ്രഖ്യാപിച്ചതോടെ ലക്ഷക്കണക്കിനു പലസ്തീനികളാണ് വഴിയിൽ കുടുങ്ങിയത്.

മൂന്നു ബന്ദികളെക്കൂടി വിട്ടയയ്ക്കാമെന്ന് ഞായറാഴ്ച ഹമാസ് വാഗ്ദാനം ചെയ്തോടെ റോഡുകൾ വീണ്ടും തുറക്കാൻ ഇസ്രേലി സേന തയാറായി. ഇന്നലെ രാവിലെ റോഡുകൾ തുറന്നപ്പോൾ പലസ്തീൻകാർ വടക്കൻ ഗാസയിലേക്കു യാത്ര പുനരാരംഭിച്ചു.

റോഡുകൾ തുറന്ന ു രണ്ടു മണിക്കൂറിനകം രണ്ടു ലക്ഷം പേരെങ്കിലും കാൽനടയായി വടക്കൻ ഗാസയിൽ പ്രവേശിച്ചെന്നാണ് റിപ്പോർട്ട്. അതേസമയം വാഹനങ്ങളിൽ മടങ്ങുന്നവർ സ്വപ്രദേശങ്ങളിലെത്താൻ ദിവസങ്ങൾ വൈകിയേക്കും.

# ട്രംപ് കണ്ണുരുട്ടി; കുടിയേറ്റക്കാരെ തിരികെ സ്വീകരിച്ച് കൊളംബിയ

വാഷിംഗ്ടൺ ഡിസി: അനധികൃത കുടിയേറ്റക്കാരെ തിരികെ സ്വീകരിക്കാൻ മടിച്ച കൊളംബിയയ്ക്കു നേർക്ക് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് മുഴക്കിയ നികുതിഭീഷണി ഫലം കണ്ടു.

കുടിയേറ്റക്കാരെ സ്വീകരിക്കാൻ കൊളംബിയ തയാറായി; കൊളംബിയയിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക് 25 ശതമാനം ചുങ്കം വർധിപ്പിക്കുമെന്ന ട്രംപിന്റെ ഭീഷണി തത്കാലത്തേക്കു മരവിപ്പിച്ചതായി അമേരിക്കൻ വൃത്തങ്ങൾ അറിയിച്ചു.

അമേരിക്കയിലേക്ക് അനധികൃതമായി കുടിയേറാൻ ശ്രമിച്ച കൊളംബിയൻ പൗരന്മാരെ പട്ടാളവിമാനത്തിലാണ് തിരികെ അയച്ചത്. കൊളംബിയൻ പ്രസിഡൻറ് ഗുസ്താവോ പെട്രോ വിമാനം ഇറങ്ങുന്നതിന് അനുമതി നിഷേധിച്ചു. കൊളംബിയൻ പൗരന്മാരെ ക്രിമിനലുകളായി പരിഗണിക്കാതെ അന്തസോടെ സിവിലിയൻ വിമാനങ്ങളിൽ അയയ്ക്കണമെന്ന് ഗുസ്താവോ ആവശ്യപ്പെട്ടു.

ഇതിനു പിന്നാലെ കൊളംബിയയ്ക്കു നേർക്ക് ഉപരോധവും ചുങ്കം വർധന അടക്കമുള്ള നടപടികളും ഉടനുണ്ടാകുമെന്ന് ട്രംപ് ഭീഷണി മുഴക്കി. ട്രംപിന്റെ നീക്കത്തിൽ ഭയമില്ലെന്നാണ് ഗുസ്താവോ ആദ്യം പ്രതികരിച്ചത്.

എന്നാൽ, ട്രംപിന്റെ ഡിമാൻറുകൾ അംഗീകരിക്കാൻ കൊളംബിയ സമ്മതിച്ചതായി വൈറ്റ്ഹൗസ് മണിക്കൂറുകൾക്കകം അറിയിക്കുകയായിരുന്നു. ട്രംപിന്റെ വിട്ടുവീഴ്ചയില്ലാ സമീപനമാണ് അമേരിക്കയുടെ വിജയത്തിനു കാരണമെന്ന് വൈറ്റ്ഹൗസ് പറഞ്ഞു.

# ഉത്തേജക മരുന്നുകൾ കണ്ടെത്താൻ പ്രത്യേക പരിശോധന

## 50 ജിമ്മുകളിൽ നിന്നും ഒന്നര ലക്ഷത്തോളം രൂപയുടെ മരുന്നുകൾ പിടിച്ചെടുത്തു

ജിമ്മുകളിലെ അനധികൃത മരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി പ്രത്യേക പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ 50 ജിമ്മുകളിൽ പരിശോധന നടത്തുകയും ഏകദേശം ഒന്നര ലക്ഷത്തോളം രൂപയുടെ മരുന്നുകൾ പിടിച്ചെടുക്കുകയും ചെയ്തു. ശരീര സൗന്ദര്യ മത്സരങ്ങളുടെ ഭാഗമായി ഡിസംബർ മാസത്തിൽ ജിമ്മുകൾ കേന്ദ്രീകരിച്ച് ഉത്തേജക മരുന്നുകൾ അനധികൃതമായി ഉപഭോക്താക്കൾക്ക് നൽകി വരുന്നതായി രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇത്തരത്തിൽ ഒരു പരിശോധന നടത്തിയത്. ഈ ജിമ്മുകൾക്കെതിരെ കേസെടുത്ത് കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നതായും മന്ത്രി പറഞ്ഞു. ജിമ്മുകളിൽ നിന്നും പിടിച്ചെടുത്ത മരുന്നുകളിൽ പല രോഗങ്ങൾക്ക് ഉപയോഗിക്കുന്ന മരുന്നുകളും ഉൾപ്പെടും. തൃശൂരിലെ ഒരു ജിം ട്രെയിനറുടെ വീട്ടിൽ നിന്ന് വൻതോതിലുള്ള മരുന്ന് ശേഖരം വകുപ്പിലെ ഉദ്യോഗസ്ഥർ പിടിച്ചെടുത്തു. പിടിച്ചെടുത്ത മരുന്നുകൾ എല്ലാം തന്നെ സ്റ്റിറോയ്ഡുകൾ അടങ്ങിയവയാണ്. ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രം കഴിക്കേണ്ട മരുന്നുകളാണ് ഇവ. ഇത്തരം മരുന്നുകൾ അംഗീകൃത ഫാർമസികൾക്ക് മാത്രമേ വിൽക്കാൻ അധികാരമുള്ളൂ. ഇത്തരത്തിലുള്ള മരുന്നുകളുടെ ഉപയോഗം കൊണ്ട് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ജിമ്മുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ ശക്തമാക്കാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകി. മന്ത്രിയുടെ നിർദേശ പ്രകാരം യുവജനങ്ങളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ ദൂഷ്യഫലങ്ങളെപ്പറ്റി ബോധവത്ക്കരണം നൽകാനായി അവബോധ ക്ലാസുകൾ നടത്താനും വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്.

# സെയ്ഫ് അലിഖാൻ കേസ്; ബംഗ്ലാദേശ് സ്വദേശിനി ബംഗാളിൽ പിടിയിൽ

കോൽക്കത്ത: ബോളിവുഡ് താരം സെയ്ഫ് അലിഖാനെ കുത്തിപ്പരിക്കേൽപ്പിച്ചുവെന്ന കേസുമായി ബന്ധപ്പെട്ട് ബംഗ്ലാദേശ് സ്വദേശിനി അറസ്റ്റിൽ.

പശ്ചിമബംഗാളിലെ നാദിയയിൽ ചാപ്ര മേഖലയിൽനിന്നുമാണ് ഖുഖുമോനി ജഹാംഗീർ ഷെയ്ഖ് എന്ന സ്ത്രീയെ മുംബൈ പോലീസിന്റെ രണ്ടംഗസംഘം പിടികൂടിയത്. സെയ്ഫ് അലിഖാന്റെ വസതിയിൽ മോഷണത്തിനെത്തി അക്രമം നടത്തിയ കേസിൽ നേരത്തേ അറസ്റ്റിലായ ഷരീഫുൾ ഇസ്‌ലാം ഫക്കീറുമായി സ്ത്രീക്കു ബന്ധമുണ്ടെന്നു മുംബൈ പോലീസ് പറയുന്നു.


വടക്കൻ ബംഗാളിലെ സിലിഗുരിയിൽ ബംഗ്ലാദേശ് അതിർത്തി വഴിയാണ് ഷരീഫുൾ ഇന്ത്യയിലേക്ക് അനധികൃതമായി കടന്നത്.



മന്ത്രിമാരായ എം ബി രാജേഷും കെ ബി ഗണേഷ് കുമാറും കെഎസ്ആർടിസി തമ്പാനൂർ ബസ് ഡിപ്പോയിലെ ആധുനിക മലിനജല സംസ്കരണ സംവിധാനത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തുന്നു

# കൂന്തലിന്റെ ജനിതക പ്രത്യേകതകൾ കണ്ടെത്തി, സുപ്രധാന നേട്ടവുമായി സിഎംഎഫ്ആർഐ

ബുദ്ധിശക്തി, മസ്തിഷ്ക വികസനം തുടങ്ങി മനുഷ്യരുടെ നാഡിവ്യവസ്ഥയുമായി സാമ്യമുള്ള കൂന്തലിന്റെ ജീൻ എക്സ്പ്രഷൻ മാതൃകകളാണ് സിഎംഎഫ്ആർഐ ഗവേഷകർ പഠനവിധേയമാക്കിയത്



കൊച്ചി: കൂന്തലിന്റെ (ഇന്ത്യൻ സ്ക്വിഡ്) ജനിതക പ്രത്യേകതകൾ കണ്ടെത്തി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). മനുഷ്യരുമായുള്ള ജനിതകസാമ്യം, പരിണാമബന്ധങ്ങൾ എന്നിവയിലേക്ക് വെളിച്ചം വീശുന്ന സുപ്രധാന നേട്ടമാണിത്. സമുദ്രശാസ്ത്രത്തിനപ്പുറം, ന്യൂറോ സയൻസ് ഉൾപ്പെടെയുള്ള മേഖലകൾക്ക് മുതൽകൂട്ടാകുന്നതാണ് പഠനം. ബുദ്ധിശക്തി, മസ്തിഷ്ക വികസനം തുടങ്ങി മനുഷ്യരുടെ നാഡിവ്യവസ്ഥയുമായി സാമ്യമുള്ള കൂന്തലിന്റെ ജീൻ എക്സ്പ്രഷൻ മാതൃകകളാണ് സിഎംഎഫ്ആർഐ ഗവേഷകർ പഠനവിധേയമാക്കിയത്. സിഎംഎഫ്ആർഐയിലെ മറൈൻ ബയോട്കനോളജി, ഫിഷ് ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് ഡിവിഷനിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സന്ധ്യ സുകുമാരന്റെ നേതൃത്വത്തിലുള്ള സംഘമാണ് പഠനം നടത്തിയത്.

വികസിത നാഡീവ്യൂഹം, ബുദ്ധിശക്തി, പ്രശ്നപരിഹാര കഴിവുകൾ, നിറം മാറാനുള്ള ശേഷി തുടങ്ങിയ പ്രത്യേകതകളോട് കൂടിയ സമുദ്രജീവിയാണ് കൂന്തൽ. ഇവയുടെ ജനിതക പ്രത്യേകതകൾ മനസ്സിലാക്കാൻ സഹായിക്കുന്ന ജീൻ എക്സ്പ്രഷൻ പ്രൊഫൈലുകളാണ് സിഎംഎഫ്ആർഐ ഗവേഷകർ തിരിച്ചറിഞ്ഞത്. ഇതിലൂടെ, മനുഷ്യൻ ഉൾപ്പെടെയുള്ള ഉയർന്ന കശേരുകികളുമായി കൂന്തലിന് ജനിതകസാമ്യമുള്ളതായി കണ്ടെത്തി. പരിണാമപരമായ ബന്ധങ്ങളിലേക്കാണ് ഇത് വെളിച്ചം വീശുന്നത്.

കൂന്തലിന്റെ സങ്കീർണമായ മസ്തിഷ്ക വികാസം മനസ്സിലാക്കുന്നതിലൂടെ, ന്യൂറോ ബയോളജി, ബുദ്ധിശക്തി, നാഡീവ്യവസ്ഥയുടെ പരിണാമബന്ധങ്ങൾ എന്നീ മേഖലകളിൽ നിർണായക അറിവുകൾ നേടാൻ സഹായിക്കുമെന്ന് ഡോ സന്ധ്യ സുകുമാരൻ പറഞ്ഞു.ന്യൂറൽ സർക്യൂട്ടുകൾ, ഓർമ, നാഡീ രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ കൂടുതൽ വികസിപ്പിക്കാനും ഇത് സഹായിക്കും. എല്ലാ ജീവജാലങ്ങളുടെയും ബുദ്ധിശേഷി, മസ്തിഷ്ക വികാസം, പരിണാമം എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്ന സുപ്രധാന മാതൃകജീവിവർഗമാണ് (മോഡൽ ഓർഗാനിസം) കൂന്തലെന്ന് ഈ പഠനത്തിലൂടെ തെളിഞ്ഞെന്നും അവർ പറഞ്ഞു.പുതിയ കണ്ടെത്തൽ, സുസ്ഥിര സമുദ്രവിഭവ മാനേജ്മെന്റ് രംഗത്തും വലിയ മുതൽകൂട്ടാകും.

കടൽജീവികൾ പാരിസ്ഥിതിക മാറ്റങ്ങളോട് എങ്ങനെ പൊരുത്തപ്പെടുന്നുവെന്ന് മനസ്സിലാക്കാൻ ഈ ജനിതക കണ്ടെത്തലുകൾ വഴിയൊരുക്കും.നേരത്തെ, ഡോ സന്ധ്യ സുകുമാരന്റെ നേതൃത്വത്തിൽ മത്തി, കല്ലുമ്മക്കായ എന്നിവയുടെ സമ്പൂർണ ജനിതക രഹസ്യം കണ്ടെത്തിയിരുന്നു.

# മതവികാരം വ്രണപ്പെടുത്തി

## റാണ അയൂബിനെതിരെ കേസെടുക്കാമെന്ന് ഡൽഹി കോടതി

ന്യൂഡൽഹി: മാധ്യമപ്രവർത്തക റാണ അയൂബിനെതിരെ മതവികാരം വ്രണപ്പെടുത്തിയെന്ന പരാതിയിൽ കേസെടുക്കാമെന്ന് ഡൽഹിയിലെ സാകേത് കോടതി. റാണ അയൂബ് നേരത്തെ പോസ്റ്റുചെയ്ത ട്വീറ്റുകളുടെ പേരിലാണ് നടപടി. ഇവ മതവികാരം വ്രണപ്പെടുത്തുന്നതും ഇന്ത്യാവിരുദ്ധവുമാണെന്നും കാട്ടി അഭിഭാഷകയായ അമിത സച്ദേവയാണ് പരാതി നൽകിയത്.

റാണ രാവണനെ വാഴ്ത്തിയതിലൂടെ രാമനെ അപമാനിച്ചെന്നും ഹിന്ദുത്വ താത്വികാചാര്യനായ വി ഡി സവർക്കറെ മതതീവ്രവാദിയെന്ന് വിളിച്ചുവെന്നുമായിരുന്നു പരാതി.

റാണ ഹിന്ദു ദൈവങ്ങളെ അപമാനിച്ചെന്നും രാവണനെ പുകഴ്ത്തുന്നത് രാമനെ മോശമാക്കാനാണെന്നും പരാതിക്കാരി ഉന്നയിച്ചിരുന്നു. ഇന്ത്യൻ സൈന്യത്തിന്റെ മനോവീര്യം കെടുത്തുന്ന തരത്തിലുള്ള പരാ!മർശങ്ങളും റാണ അയൂബ് നടത്തിയെന്നും ഹർജിയിലുണ്ട്. സിആർപിസി സെക്ഷൻ 156 (3) വകുപ്പ് പ്രകാരം കേസെടുക്കാമെന്ന് സാകേത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഹിമാൻഷു രമൺസിങ് ഉത്തരവിൽ പറയുന്നു. തെളിവെടുത്ത് മുന്നോട്ടുപോകാനും പൊലീസിന് കോടതി നിർദേശം നൽകി.

നേരത്തെ വിഖ്യാത ചിത്രകാരൻ എം എഫ് ഹുസൈനെതിരെ ഹിന്ദുവികാരം വ്രണപ്പെടുത്തിയെന്നാരോപിച്ച് ഹർജി നൽകിയ അഭിഭാഷകയാണ് അമിത സച്ദേവ. 2002ലെ ?ഗുജറാത്ത് കലാപക്കേസിന്റെ അന്വേഷണാത്മക റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ബിജെപിയും കേന്ദ്ര സർക്കാരും വേട്ടയാടുന്ന മാധ്യമപ്രവർത്തകയാണ് റാണ അയൂബ്. നേരത്തേയും അഭിപ്രായ പ്രകടനങ്ങളുടെ പേരിൽ രാജ്യദ്രോഹക്കുറ്റം അടക്കമുള്ള കേസുകൾ ഇവർ നേരിട്ടിരുന്നു.

# കിക്മ മാനേജ്മെന്റ് ഫെസ്റ്റ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ 'അവനീർ 2സ25' എന്ന പേരിൽ ദേശീയ മാനേജ്മെന്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ജനുവരി 31ന് സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയകോട് എൻ കൃഷ്ണൻ നായർ മാനേജ്മെന്റ് ഫസ്റ്റിന്റെ ഉദ്ഘാടനം നിർവഹിക്കും. ടെക്നോപാർക്കിലെ ടാറ്റ് എൽക്സ്സി കമ്പനിയുടെ ഹെഡ് ആൻഡ് ഡയറക്ടർ വി. ശ്രീകുമാർ മുഖാതിഥി ആകും. മത്സര വിജയികൾക്ക് സഹകരണ സംഘം രജിസ്ട്രാർ ഡോ. സജിത്ത് ബാബു ഐ.എ.എസ് സമ്മാനദാനം നിർവഹിക്കും.

കിക്മ ക്യാമ്പസിൽ നടത്തുന്ന മാനേജ്മെന്റ് ഫെസ്റ്റിൽ വിദ്യാർത്ഥികളുടെ പഠന നൈപുണ്യ മികവുകൾ ദേശീയതലത്തിൽ മാറ്റുരയ്ക്കപ്പെടും. കേരള, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ 27 ലധികം കോളേജുകളിൽ നിന്നുമായി 350 തിൽപ്പരം വിദ്യാർത്ഥികൾ പങ്കെടുക്കും.

മാനേജ്മെന്റ്, മാനേജ്മെന്റ് ഇതരമേഖലകളിലായി ബിസിനസ് ക്വിസ്, ബെസ്റ്റ് മാനേജ്മെന്റ് ടീം, ബെസ്റ്റ് മാനേജർ, മാർക്കറ്റിംഗ് ഗെയിം, ഫിനാൻസിംഗ് ഗെയിം, ട്രെഷർ ഹണ്ട്, സ്പോർട് ഡാൻസ് കോമ്പറ്റീഷൻ, സ്പോർട് ഫോട്ടോഗ്രഫി മത്സരങ്ങൾ നടക്കും. ഇൻഡസ്ട്രിയൽ, അക്കാദമിക് മേഖലയിലെ വിദഗ്ധർ ഇവന്റുകൾ വിലയിരുത്തും. ഒരു ലക്ഷം രൂപയ്ക്കുള്ള സമ്മാനത്തുകയും പുരസ്കാരങ്ങളും ലഭിക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. മാനേജ്മെന്റ് വിദ്യാർഥികൾക്ക് പുറമെ എൻജിനിയറിങ്, ആർട്സ്, ബിരുദ വിദ്യാർഥികൾക്കും തിരഞ്ഞെടുക്കപ്പെട്ട മത്സരങ്ങളിൽ പങ്കെടുക്കാം.

# രാധയുടെ കുടുംബത്തെ ആശ്വസിപ്പിച്ച് പ്രിയങ്ക ഗാന്ധി; കരിങ്കൊടി പ്രതിഷേധവുമായി സിപിഎം

വയനാട്: പഞ്ചാരക്കൊല്ലിയിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട രാധയുടെ വീട്ടിലെത്തി കോൺഗ്രസ് നേതാവും വയനാട് എംപിയുമായ പ്രിയങ്ക ഗാന്ധി. അരമണിക്കൂറോളം വീട്ടുകാർക്കൊപ്പം ചിലവഴിച്ച പ്രിയങ്ക അവരെ ആശ്വസിപ്പിച്ചശേഷമാണ് മടങ്ങിയത്. കോൺഗ്രസ് സംഘടനാ ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ, കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ, ടി. സിദ്ദിഖ് എംഎൽഎ തുടങ്ങിയവർ പ്രിയങ്കയ്ക്കൊപ്പമുണ്ടായിരുന്നു. പ്രതിഷേധ സാധ്യത കണക്കിലെടുത്ത് കനത്ത സുരക്ഷാ സന്നാഹമാണ് ഒരുക്കിയിരുന്നത്.

അതേസമയം, രാധയുടെ വീട്ടിലേക്കുള്ള യാത്രയ്ക്കിടെ വയനാട് കണിയാറത്ത് പ്രിയങ്കയ്ക്കു നേരെ സിപിഎം പ്രവർത്തകർ കരിങ്കൊടി കാണിച്ചു. മുദ്രാവാക്യങ്ങളുമായി എംപിയുടെ വാഹനവ്യൂഹത്തിന് നേരെയെത്തിയാണ് പ്രവർത്തകർ കരിങ്കൊടി കാണിച്ചത്. വന്യജീവി ശല്യം രൂക്ഷമായിട്ടും വയനാട്ടിലെ എംപി എത്താൻ വൈകിയതിലായിരുന്നു പ്രതിഷേധം.അതേസമയം കൽപ്പറ്റയിലെ കളക്ടറേറ്റിൽ നടക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിലും പ്രിയങ്ക പങ്കെടുക്കും. തുടർന്ന് മേപ്പാടിയിൽ വെച്ച് നടക്കുന്ന പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ നയിക്കുന്ന യുഡിഎഫിന്റെ മലയോര ജാഥയുടെ പൊതുയോഗത്തിൽ പ്രിയങ്ക ഗാന്ധി സംസാരിക്കും. ഇതിന് ശേഷമായിരിക്കും ഡൽഹിയിലേക്ക് മടങ്ങുക.

# സൂപ്പർവൈസർ അഭിമുഖം

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലെ സ്കോളർഷിപ്പ് സെക്ഷനിലെ സൂപ്പർവൈസർ തസ്തികയിലേക്ക് താത്കാലിക നിയമനത്തിന് ഫെബ്രുവരി 6ന് അഭിമുഖം നടക്കും. എംസിഎ അല്ലെങ്കിൽ ബി.ടെക് (കമ്പ്യൂട്ടർ സയൻസ്/ഐടി) അല്ലെങ്കിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ പിജിഡിസിഎയാണ് യോഗ്യത. താത്പര്യമുള്ളവർ ബയോഡേറ്റ, മാർക്ക് ലിസ്റ്റ്, യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ സഹിതം രാവിലെ 10.30ന് തിരുവനന്തപുരം ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രത്തിൽ (സമസ്ത ബിൽഡിംഗ്, മേലേ തമ്പാനൂർ, തിരുവനന്തപുരം) നേരിട്ട് ഹാജരാകണം.

വിശദ വിവരങ്ങൾ¡V: www. minority welfare. kerala.gov.in.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വിഴിഞ്ഞം തുറമുഖം; കരാർ 40 വർഷം, 2034 മുതൽ ലാഭവിഹിതം




തിരുവനന്തപുരം> വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ചരക്ക് ഗതാഗതത്തിനായി തുറന്നുകൊടുത്തതോടെ കേരളത്തിന്റെ വിവിധരംഗങ്ങളിലെ സാധ്യതകളും വർധിച്ചു. പ്രധാനനേട്ടം നികുതി വരുമാനം കൂടുമെന്നതാണ് ചരക്കിറക്കുമ്പോൾ അതിന്റെ മൂല്യത്തിന്മേൽ ഇന്റഗ്രേറ്റഡ് ജിഎസ്ടി കൂടി കസ്റ്റംസ് വിഭാഗം ഈടാക്കും. ഇതിന്റെ പകുതി സംസ്ഥാനത്തിനാണ് പുറമെ ചരക്കുകൾ കയറ്റിയിറക്കു ഫീസുമായി ബന്ധപ്പെട്ട നികുതിയും ലഭിക്കും.

തുറമുഖം കപ്പലുകൾക്ക് നൽകുന്ന മറ്റു സേവനങ്ങളുടെ ഫീസിലും കപ്പലുകൾ തുറമുഖത്ത് ഇന്ധനം നിറയ്ക്കുന്ന ചില സാഹചര്യങ്ങളിലും സംസ്ഥാനത്തിന് നികുതി ലഭിക്കും. ഒരുകപ്പൽ പോകുമ്പോൾ ഒരുകോടി രൂപ എങ്കിലും വിഴിഞ്ഞം തുറമുഖത്തിന് ലഭിക്കുമെന്നാണ് ഈ രംഗത്തുള്ളവർ പറയുന്നത് ഇതിന്റെ 18 ശതമാനം ജിഎസ്ടിയാണ് അതിൽ പകുതി കേരളത്തിനുള്ളതാണ് രാജ്യത്തേക്കുള്ള കണ്ടെയ്നറുകളിൽ 70–80 ശതമാനംവരെ കൊളംബോ തുറമുഖത്താണ് ഇറക്കുന്നത് അതിൽ 20 –30 ശതമാനംവരെ വിഴിഞ്ഞത്തേക്ക് കൊണ്ടുവരാൻ കഴിയും. ഒന്നാംഘട്ടത്തിൽ തുറമുഖത്തിന് 10 ലക്ഷം കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ശേഷിയാണുള്ളത് 15 ലക്ഷം കണ്ടെയ്നർ കൊണ്ടുവരാൻ കഴിയും.

ഈവർഷം അവസാനത്തോടെ രണ്ടും മൂന്നും ഘട്ടങ്ങളുടെ നിർമാണപ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് . ഈ ഘട്ടത്തിൽ പതിനായിരം കോടി രൂപയാണ് നിക്ഷേപമായി എത്തുക. ഇതിനു പുറമേ സർക്കാർ പശ്ചാത്തല വികസനത്തിനും മറ്റുമായി 8000 കോടി രൂപയുടെ പദ്ധതിയും ആലോചിക്കുന്നുണ്ട് .

ടൂറിസം രംഗത്തും കുതിച്ചുച്ചാട്ടമുണ്ടാകും. ഹോട്ടൽ വ്യവസായത്തിനും അത് ഗുണംചെയ്യും. കപ്പലിലേക്ക്ആവശ്യമായ ഭക്ഷ്യധാന്യങ്ങളും കേരളത്തിൽനിന്ന് നൽകും. അതിലൂടെയും വരുമാനം ഉണ്ടാകും.

***2034 മുതൽ ലാഭവിഹിതം***

കേന്ദ്ര ആസൂത്രണ കമീഷൻ തയ്യാറാക്കിയ സംസ്ഥാന തുറമുഖങ്ങൾക്കായുള്ള മാതൃകാ കൺസഷൻ കരാർ പ്രകാരമാണ് വിഴിഞ്ഞം പദ്ധതിയുടെ കരാർ തയ്യാറാക്കിയത്. 40 വർഷമാണ് കരാർ കാലാവധി. അടുത്ത രണ്ട്ഘട്ടങ്ങളും അദാനി ഗ്രൂപ്പ് സ്വന്തം ചെലവിൽ പൂർത്തിയാക്കിയാൽ നടത്തിപ്പവകാശം 20 വർഷംകൂടി നീട്ടും.

ഓഖി, പ്രളയം തുടങ്ങിയ കാരണങ്ങളാൽ നിർമാണം വൈകിയെന്ന അദാനി ഗ്രൂപ്പിന്റെ വാദം ശരിവച്ച്സർക്കാർ നിർമാണക്കാലയളവ് അഞ്ച്‌വർഷംകൂടി നീട്ടി നൽകിയിരുന്നു. ഇതോടെ 65 വർഷം തുറമുഖത്തിന്റെ നടത്തിപ്പവകാശം അദാനിഗ്രൂപ്പിന്ലഭിക്കും. കരാർ അനുസരിച്ച് 2034 മുതൽ ഒരു ശതമാനംവീതം ലാഭവിഹിതം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിന്(വിസിൽ) നൽകും. ലാഭവിഹിതം ഓരോ വർഷവും ഒരു ശതമാനം വീതം വർധിക്കും.

20,000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്നാണ്കരുതുന്നത്

***ഇറക്കിയത് 1000 കണ്ടെയ്നർ***

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തിയ ഡെന്മാർക്ക്ഷിപ്പിങ്കമ്പനിയുടെ ചരക്ക്കപ്പലായ സാൻ ഫെർണാഡോയിൽനിന്ന് വെള്ളി രാത്രി വരെ ഇറക്കിയത് ആയിരത്തിലേറെ കണ്ടെയ്നർ. രണ്ടായിരത്തിനടുത്ത് കണ്ടെയ്നർ ഇറക്കിയേക്കും. ട്രയൽ റൺ കഴിഞ്ഞ് വൈകിട്ടോടെ സാൻ ഫെർണാഡോ മടങ്ങുമെന്ന് അറിയിച്ചിരുന്നെങ്കിലും കണ്ടെയ്നർ ഇറക്കുന്നത് വൈകിയതിനാൽ ശനി വൈകിട്ടോ ഞായർ രാവിലെയോ യാകും മടക്കം. കൊളംബോ വഴി യൂറോപ്പിലേക്കാണ് യാത്ര.

കപ്പൽ മടങ്ങിയശേഷമാകും കണ്ടെയ്നർ കൊണ്ടു പോകാനുള്ള ഫീഡർ വെസലുകൾ (ചെറുകപ്പലുകൾ) വരുക. കൊൽക്കത്ത, മുംബൈ തുറമുഖത്തേക്കുള്ള കണ്ടെയ്നറുകൾ വിഴിഞ്ഞത്ത് ഇറക്കി. വിഴിഞ്ഞം തുറമുഖത്തിന് ആവശ്യമുള്ള വിവിധ ഉപകരണങ്ങളുമുണ്ട്

***അടുത്തഘട്ടം സമയബന്ധിതമായി പൂർത്തികരിക്കും : വി എൻ വാസവൻ***

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ എല്ലാ ഘട്ടങ്ങളുടെയും നിർമാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ട്രയൽ റൺ ചടങ്ങിൽ അധ്യക്ഷനായ തുറമുഖ മന്ത്രി വി എൻ വാസവൻ പറഞ്ഞു. ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ സ്ഥാപിത ശേഷിയുള്ള കണ്ടെയ്നർ ടെർമിനലായി 2028–ൽ വിഴിഞ്ഞം തുറമുഖം മാറും. 8867.14 കോടി രൂപയാണ് വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ ചെലവ്. ഇതിൽ 5595.34 കോടി രൂപയാണ് സംസ്ഥാന സർക്കാർ വിഹിതം. കേരളത്തിലേക്ക് 10,000 കോടിയുടെ നിക്ഷേപത്തിനും വിഴിഞ്ഞം തുറമുഖം വഴിവെക്കുമെന്നും മന്ത്രി പറഞ്ഞു.

***വിഴിഞ്ഞം നിർണായകം : സർബാനന്ദ സോനോവാൾ***

പൊതുമേഖല --സ്വകാര്യ സഹകരണത്തിന്റെ മികച്ച ഉദാഹരണമാണ് വിഴിഞ്ഞം തുറമുഖമെന്ന് കേന്ദ്ര ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാൾ. വിഴിഞ്ഞം ട്രയൽ റൺ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു അദ്ദേഹം. കൊളംബോയിലെയും സിം?ഗപ്പൂരിലെയും ട്രാൻസ്ഷിപ്പ്മെൻറ് തുറമുഖങ്ങൾക്കിടയിൽ മത്സരം സൃഷ്ടിക്കാൻ വിഴിഞ്ഞത്തിന് കഴിയും. മലയാളികൾ നല്ല മനസുള്ളവരും ആതിഥ്യ മര്യാദയുള്ളവരുമാണ്. മലയാളികളുടെ ഊഷ്മള വരവേൽപ്പിന് നന്ദിയുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

***പിന്തുണ നൽകിയത് മുഖ്യമന്ത്രി: കരൺ അദാനി***

വിഴിഞ്ഞം പദ്ധതിയുടെ പ്രതിസന്ധി ഘട്ടങ്ങളിലടക്കം മുഖ്യമന്ത്രി പിണറായി വിജയൻ മികച്ച പിന്തുണയാണ് നൽകിയതെന്ന് അദാനി പോർട്സ് എംഡി കരൺ അദാനി. ട്രയൽറൺ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയിരുന്നു അദ്ദേഹം. 33 വർഷം നീണ്ട സ്വപ്നമാണ് യാഥാർഥ്യമായത്. പുതിയതും മഹത്തായതുമായ നേട്ടത്തിന്റെ പ്രതീകമാണ് സാൻ ഫെർണാണ്ടോ. ഇന്ത്യയിലെ ആദ്യത്തെ ഓട്ടോമേറ്റഡ് ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലും ഏറ്റവും വലിയ ആഴക്കടൽ തുറമുഖവും വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ചതായി ലോകത്തെ അറിയിക്കുന്ന സന്ദേശവാഹകനാണിത്. ഇന്ത്യയിലെ മറ്റൊരു തുറമുഖത്തിനും വിഴിഞ്ഞത്തെ അത്രയും സാങ്കേതികവിദ്യയില്ല. സഹകരണത്തിന് കേരളത്തിനും മലയാളികൾക്കും നന്ദി.

2028--29 ഓടെ തുറമുഖത്തിന്റെ നാലുഘട്ടങ്ങളും പൂർത്തിയാകുമ്പോൾ മൊത്തം 20,000 കോടി രൂപ നിക്ഷേപിക്കും. വിഴിഞ്ഞത്ത് 5,500ലധികം നേരിട്ടുള്ള തൊഴിൽ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തിന്റെ മാതൃകയിലുള്ള അദാനി ഗ്രൂപ്പിന്റെ സ്നേഹോപഹാരം മുഖ്യമന്ത്രിക്കും കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിനും കരൺ അദാനി സമ്മാനിച്ചു.

## തീയതി നീട്ടി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ ആരംഭിക്കുന്ന ഒരു വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എൻജിനിയറിങ് (സായാഹ്ന കോഴ്സ്, പാർട്ട് ടൈം ബാച്ച്) നു അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 7 വരെ നീട്ടി. അപേക്ഷ ഫോമും പ്രോസ്പെക്ടസും സൂപ്പർ വൈസറി ഡെവല്മെന്റ് സെന്ററിൽ നിന്നും ലഭിക്കും. അപേക്ഷ ഫീസ് 500 രൂപ (അപേക്ഷ ഫോം തപാലിൽ ലഭിക്കുന്നതിന് അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ 600 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അസിസ്റ്റന്റ് ഡയറക്ടർ, സൂപ്പർവൈസറി ഡെവല്മെന്റ് സെന്റർ, കളമശ്ശേരി– 683104 എന്ന വിലാസത്തിൽ മേൽവിലാസം എഴുതിയ കവർ സഹിതം രജിസ്റ്റേർഡ് പോസ്റ്റ് അയക്കണം.) എൻജിനിയറിങ് ഡിഗ്രി, ഡിപ്ലോമ, ബി.എസ്.സി (ഫിസിക്സ്, കെമിസ്ട്രി) എന്നീ കോഴ്സുകൾ പാസായവർക്ക് അപേക്ഷിക്കാം. തൊഴിൽ പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0484 2556530, 9349892240

## ഒഴിവ്

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, അസിസ്റ്റന്റ് എൻജിനിയർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് www.kshb. kerala.gov.in ˘ സന്ദർശിക്കുക.

# ലൈഫ് ഗാർഡുമാരെ നിയമിക്കാതെ അധികൃതർ; അപകടങ്ങളിൽപ്പെടുന്നവരുടെ എണ്ണവും കൂടുന്നു

വിഴിഞ്ഞം: കടൽ കാണാനെത്തുന്ന വിനോദ സഞ്ചാരികളുടെ വരവ് വർധിച്ചു, അപകടങ്ങളും കൂടുന്നു. ജീവൻ രക്ഷകരായ ലൈഫ് ഗാർഡുമാരുടെ എണ്ണം കുറയുന്നു.

സർക്കാരിന്റെ ഖജനാവിലേക്ക് കോടികൾ വരുമാനമായിനൽകുന്ന സഞ്ചാരികളുടെ ജീവനും സുരക്ഷയ്ക്കും ഉറപ്പുനൽകേണ്ട അധികൃതർക്ക് അനക്കമില്ലെന്ന് ആക്ഷേപം. ലൈഫ് ഗാർഡുമാരുടെ കുറവ് നികത്താനെന്ന പേരിൽ താല്പര്യമുള്ളവരിൽനിന്ന് അപേക്ഷ സ്വീകരിച്ച്, അവർക്കായി മത്സരവും അഭിമുഖവും നടത്തി മാസങ്ങൾ കഴിഞ്ഞെങ്കിലും ലിസ്റ്റ് തയാറാക്കാൻ പോലും അധികൃതർക്കായിട്ടില്ല. അടുത്ത കാലത്ത് കേരളത്തിലെ വിവിധ ബീച്ചുകളിലായി നിരവധി പേരുടെ ജീവൻ പൊലിഞ്ഞെങ്കിലും രക്ഷാപ്രവർത്തകരെ നിയമിക്കാൻ ബന്ധപ്പെട്ടവർ മെനക്കെടുന്നില്ല.

കേരളത്തിലുടനീളമുള്ള ബീച്ചുകളിൽ ജീവൻ രക്ഷകരായി ആകെയുള്ളത് 180–ളം പേരെന്നാണറിവ്. അതിൽ ജോലിയിൽ നിന്നും വിരമിച്ചവരും മരണമടഞ്ഞവരും മറ്റു ജോലികൾ കിട്ടിയതുമായി ബന്ധപ്പെട്ടു പിരിഞ്ഞു പോയവരുടെ കുറവ് വേറെയും. കൂടുതൽ ലൈഫ് ഗാർഡുമാരെ നിയമിക്കുന്നതിനു പകരം ഉണ്ടായിരുന്നവരുടെ എണ്ണം നിലനിർത്താനായി നാലുമാസം മുൻപ് കോവളം ബീച്ചിൽ നൂറോളം പേർക്കായി നീന്തൽമത്സരം നടത്തി.

അതിൽ വിജയിച്ച അറുപതോളം പേർക്കായി അഭിമുഖം നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധികരിക്കാൻ അധികൃതർക്കായില്ല. ലിസ്റ്റിൽ വ്യാജൻമാർ കടന്നുകൂടാൻ സാധ്യതയുള്ളതായും ആരോപണം ഉയരുന്നു.

1986–ൽ കോവളത്ത് രൂപീകൃതമായ ലൈഫ് ഗാർഡ് സമ്പ്രദായം കൂടുതൽ ഗുണകരമെന്ന് കണ്ടതോടെയാണ് അധികൃതർ കേരളം മുഴുവൻ വ്യാപിപ്പിച്ചത്. തിരുവനന്തപുരം ജില്ലയുടെ വിവിധ ബീച്ചുകളിലായി അറുപതോളം പേരെ നിയമിച്ചു. നിലവിൽകോവളത്ത് മാത്രം പതിനാറ് പേരുടെ കുറവുള്ളതായും ബന്ധപ്പെട്ടവർ പറയുന്നു.

38 പേർ ഉണ്ടായിരുന്ന സ്ഥാനത്ത് രണ്ട് ഷിഫ്റ്റുകളിലായി 20 ലൈഫ് ഗാർഡുമാരുടെ സേവനമാണ് ബീച്ചിലുള്ളത്. തുടക്കം മുതൽ ജീവിതം കടൽരക്ഷാ പ്രവർത്തനത്തിന് വേണ്ടി ഹോമിച്ചവർ വെറും കൈയോടെ പടിയിറങ്ങിയതും അധികൃതർ നോക്കിനിന്നു. നാല്പതു വർഷംവരെ സേവനമനുഷ്ഠിച്ചശേഷം വിരമിച്ച ആരെയും ടൂറിസം വകുപ്പ് തിരിഞ്ഞു നോക്കുന്നില്ലെന്നും പറയുന്നു.



# വിഴിഞ്ഞം തുറമുഖവും ദേശീയപാതയും ബന്ധിപ്പിക്കാനായി ഭൂഗർഭ റെയിൽപാത

തിരുവനന്തപുരം : വിഴിഞ്ഞം രാജ്യാന്തര തുറമുഖവും ദേശീയ പാതയുമായി ബന്ധപ്പെടുത്തുന്ന താൽക്കാലിക ഗതാഗത മാർഗം വൈകാതെ സാധ്യമാകും. പ്രാഥമിക നടപടികൾ തുടങ്ങി. ഇതോടെ തുറമുഖത്തു നിന്നും തിരികെയും കണ്ടെയ്നറുകളുൾപ്പെടെ ചരക്കുസാമഗ്രികൾ എത്തും. തുറമുഖത്തു നിന്നു മുല്ലൂർ കലുങ്കു ജംക്ഷൻ മുറിച്ചു കടന്നു തലക്കോട് ഭാഗത്ത് എത്തുന്ന തുറമുഖ റോഡ് ഇരുവശത്തെയും സർവീസ് റോഡുകളിലൂടെ ബൈപാസിലേക്ക് പ്രവേശിക്കും വിധമാണ് താൽക്കാലിക ഗതാഗത സംവിധാനമെന്നു ബന്ധപ്പെട്ടവർ പറഞ്ഞു.

ഇതിനായി ഈ ഭാഗത്തെ സർവീസ് റോഡുകളുടെ വീതി വർധിപ്പിക്കുന്നതാണ് ആദ്യ ദൗത്യം. ഇതിനാവശ്യമുള്ള ഭൂമി ഏറ്റെടുത്തു കഴിഞ്ഞതായി അധികൃതർ പറഞ്ഞു. രണ്ടു പാലങ്ങളുൾപ്പെട്ട തുറമുഖ റോഡ് രണ്ടാമത്തെ പാലം പൂർത്തിയാകൽ വരെ എത്തി നിൽക്കുകയാണ്. ഇവിടെ നിന്നുള്ള ശേഷിച്ച ഭാഗത്തെ റോഡ് അനുയോജ്യമാം വിധമുള്ള ഉയരത്തിലും താഴ്ചയിലും നിർമിക്കും.

തലസ്ഥാനത്തേക്കുള്ള ദിശയിലേക്ക് ഇടതു വശത്തെ സർവീസ് റോഡും തമിഴ്നാട് ഭാഗത്തേക്ക് അടിപ്പാത വഴി കടന്നു വലതു വശത്തെ സർവീസ് റോഡും ഏകദേശം 300 മീറ്ററോളം ദൂരം പിന്നിട്ടാവും ബൈപാസിലേക്ക് പ്രവേശിക്കുക. ബൈപാസിലേക്കുള്ള പ്രവേശന മാർഗം തുറക്കുന്നതിനു ദേശീയ പാത അതോറിറ്റിയുടെ അനുമതി ലഭിച്ചതായും അധികൃതർ പറഞ്ഞു. രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. റിങ് റോഡ് പദ്ധതി കൂടി ഈ ഭാഗത്ത് എത്തുന്ന മുറക്ക് ക്ലോവർ ലീഫ് മാതൃക റോഡ് ആണ് ഇവിടെ വരുന്ന സ്ഥിരം സംവിധാനം. ഇതിന് കുറഞ്ഞത് രണ്ടു വർഷത്തിലേറെ സമയം എടുക്കും എന്നതു കൊണ്ടാണ് തുറമുഖത്തേക്കുള്ള താൽക്കാലിക റോഡു വേണ്ടിവരുന്നത്. തുറമുഖ കവാടത്തിൽ നിന്നു ബൈപാസ് വരെ ഏകദേശം 1.7 കിലോമീറ്റർ ദൈർഘ്യം വരുന്നതാണ് റോഡ്.

വിഴിഞ്ഞം രാജ്യാന്തര തുറമുഖ റോഡ് ബൈപാസുമായി ചേരുന്ന ഭാഗം. തലസ്ഥാനത്തേക്ക് വലതു വശത്തെ സർവീസ് റോഡ്. കന്യാകുമാരി ഭാഗത്തേക്ക് അടിപ്പാത മറികടന്നു എതിർവശത്തെ സർവീസ് റോഡു വഴിയാണ് താൽക്കാലിക ഗതാഗത സംവിധാനം സജ്ജമാക്കുന്നത്.

വിഴിഞ്ഞം രാജ്യാന്തര തുറമുഖ റോഡ് ബൈപാസുമായി ചേരുന്ന ഭാഗം. തലസ്ഥാനത്തേക്ക് വലതു വശത്തെ സർവീസ് റോഡ്. കന്യാകുമാരി ഭാഗത്തേക്ക് അടിപ്പാത മറികടന്നു എതിർ വശത്തെ സർവീസ് റോഡു വഴിയാണ് താൽക്കാലിക ഗതാഗത സംവിധാനം സജ്ജമാക്കുന്നത്.

12 വർഷം നീണ്ട സർവേ പഠന പരിശോധനകൾ പൂർത്തിയാക്കിയ പദ്ധതിയാണിത്. കേന്ദ്ര പാരിസ്ഥിതിക അനുമതിയും ലഭിച്ചു. ഇപ്പോഴത്തെ നിലക്ക് റെയിൽപ്പാത നേരത്തെ നിശ്ചയിച്ച പദ്ധതി പ്രകാരം തന്നെ നടപ്പാക്കാനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. പാതയുടെ തുടക്കത്തിലെയും അവസാനിക്കുന്ന ഭാഗങ്ങളിലെയും ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച പ്രാഥമിക നടപടികളും പുരോഗമിക്കുകയാണെന്നും അധികൃതർ പറഞ്ഞു.

# അതിദരിദ്രർക്ക് പട്ടയ വിതരണം മാർച്ചിനകം പൂർത്തിയാക്കണം : റവന്യു മന്ത്രി

അതിദരിദ്രർക്ക് പട്ടയം വിതരണം നടപടികൾ അതിവേഗം പൂർത്തിയാക്കണമെന്ന് റവന്യൂ മന്ത്രി കെ രാജൻ റവന്യൂ ഉദ്യോഗസ്ഥരുടെ തെക്കൻ മേഖലാ യോഗത്തിൽ നിർദേശിച്ചു.

അതിദരിദ്രരായ മുഴുവൻ പേരെയും ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ 2025 നവംബർ ഒന്നിന് പൂർത്തീകരിക്കാനാണ് സർക്കാർ പദ്ധതിയിടുന്നത്. ഈ സാഹചര്യത്തിൽ അതി ദരിദ്രരിൽ ഭൂരഹിതരായ മുഴുവൻ പേർക്കും മാർച്ച് മാസത്തിനകം പട്ടയം നൽകണം. അയ്യായിരത്തോളം പേരാണ് അതിദരിദ്രരുടെ പട്ടികയിൽ പട്ടയം ലഭിക്കാനുള്ളതെന്നും മന്ത്രി പറഞ്ഞു.

അപേക്ഷ പരിഗണിക്കുമ്പോൾ ഭൂമിയുടെ ഇനം മാറ്റം ഒരു പ്രക്രിയയായി ഏറ്റെടുക്കണം. ചട്ടങ്ങളും നിയമവും സാധാരണക്കാർക്ക് അനുകൂലമായി വായിക്കാൻ ശ്രമിക്കണം. ഇതോടൊപ്പം ലാൻഡ് ട്രിബ്യൂണലിൽ കെട്ടിക്കിടക്കുന്ന മുഴുവൻ കേസുകളും 2026 ജനുവരി ഒന്നിന് മുമ്പ് തീർപ്പാക്കണമെന്നും ലാൻഡ് അസൈൻമെന്റ് പ്രശ്നങ്ങൾ വേഗത്തിൽ പരിഹാരിക്കാൻ നടപടി സ്വീകരിക്കണമെന്നും മന്ത്രി നിർദേശിച്ചു.

31 ന് എറണാകുളത്ത് നടക്കുന്ന കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന മധ്യ മേഖലാ യോഗവും ഫെബ്രുവരി മൂന്നിന് കോഴിക്കോട് നടക്കുന്ന തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വടക്കൻ മേഖലാ യോഗവും പൂർത്തിയായാൽ ജില്ലാ കളക്ടർമാർ വില്ലേജ് ഓഫീസർമാരെ വിളിച്ചു കൂട്ടി നടപടികൾ വിശദീകരിക്കാൻ മന്ത്രി നിർദ്ദേശിച്ചു.

ഭൂമി തരംമാറ്റം ചെയ്തു കൊടുക്കും എന്ന് ബോർഡും ബാനറും വച്ച് നിയമത്തെ വെല്ലുവിളിക്കുന്ന ഇടനിലക്കാർ ഇപ്പോഴും ഉണ്ട്. ഇത് അംഗീകരിക്കാനാവില്ല. കർശനമായ പരിശോധന നടത്തി ഇത്തരക്കാർക്കെതിരെ നടപടി എടുക്കണമെന്ന് മന്ത്രി നിർദ്ദേശം നൽകി.

പുറമ്പോക്ക്, വനഭൂമി പട്ടയങ്ങളുടെ വിതരണം, ഡിജിറ്റൽ റീ സർവെ പ്രകാരമുള്ള അധിക ഭൂമിയുടെ നികുതി സ്വീകരിക്കൽ, വില്ലേജ് ഓഫീസുകളുടെ ശാക്തീകരണം എന്നിവ സംബന്ധിച്ച വിഷയങ്ങളും യോഗം ചർച്ച ചെയ്തു.

റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ലാൻഡ് റവന്യൂ കമ്മിഷണർ ഡോ. എ കൗശിഗൻ എന്നിവർ വകുപ്പിൽ അടിയന്തരമായി നടപ്പാക്കേണ്ട വിവിധ വിഷയങ്ങളെ കുറിച്ച് പൊതു വിവരണം നൽകി. വില്ലേജുകളുടെ പ്രവർത്തനം എല്ലാ മാസവും ചാർജ് ഓഫീസർമാർ വിലയിരുത്തണം. എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ചയും വില്ലേജ് തല ജനകീയ സമിതികൾ ചേരുന്നുണ്ടോ എന്നും പരിശോധിക്കണം എന്ന് ലാൻഡ് റവന്യൂ കമ്മിഷണർ നിർദേശിച്ചു. ഡിജിറ്റൽ റീ സർവെ സംബന്ധിച്ച് സർവെ ഡയറക്ടർ സീറാം സാംബശിവ റാവു വിവരിച്ചു.

തിരുവനന്തപുരം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ എ. ഗീത, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ ജില്ലാ കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ, തഹസിൽദാർമാർ, എൽ.ആർ തഹസിൽദാർമാർ, സർവെ ഡെപ്യൂട്ടി ഡയറക്ടർ, സർവ്വെ സൂപ്രണ്ട്, ജോയിന്റ് ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികളെ രാത്രി 11 മണിക്ക് ശേഷം സിനിമാ തിയേറ്റുകളിൽ അനുവദിക്കരുതെന്ന് ഹൈക്കോടതി

ഹൈദരാബാദ്: 16 വയസിന് താഴെയുള്ള കുട്ടികളെ രാത്രി 11 മണിക്ക് ശേഷം തിയേറ്ററുകളിൽ സിനിമ കാണാൻ അനുവദിക്കരുതെന്ന് തെലങ്കാന ഹൈക്കോടതി. ഇത് സംബന്ധിച്ച് സർക്കാരിന് കോടതി നിർദേശം നൽകി.

16വയസിന് താഴെയുള്ള കുട്ടികളെ തിയേറ്ററുകളിലും മൾട്ടിപ്ലക്സുകളിലും രാത്രി 11 മണിക്ക് ശേഷമുള്ള ഷോ കാണാൻ അനുവദിക്കരുത്. രാവിലെ 11 മണിക്ക് മുമ്പുള്ള സമയത്തും ഈ നിർദേശം ബാധകമാണ്. നിർദേശം സംബന്ധിച്ച അഭിപ്രായങ്ങൾ ബന്ധപ്പെട്ടവരോട് ചോദിക്കണമെന്നും, അതിന് ശേഷമുള്ള നിർദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകണമെന്നും കോടതി ഉത്തരവിട്ടു.

രാം ചരൺ നായകനാകുന്ന 'ഗെയിം ചേഞ്ചർ' ഉൾപ്പെടെയുള്ള സിനിമകളുടെ ടിക്കറ്റ് നിരക്ക് വർധനയുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുന്നതിനിടെയായിരുന്നു കോടതി നിരീക്ഷണം. പ്രായപൂർത്തിയാകാത്തവരെ വൈകിയുള്ള സമയങ്ങളിൽ സിനിമ കാണാൻ അനുവദിക്കരുത്. അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്നും ഹർജിക്കാരനായ വിജയ് ഗോപാലിന്റെ അഭിഭാഷകൻ വാദിച്ചു. 'പുഷ്പ2' ന്റെ ഷോയ്ക്കിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് സ്ത്രീ മരിക്കുകയും ഇവരുടെ മകന് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരുന്നു. സംഭവത്തിൽ നടൻ അല്ലു അർജുൻ അടക്കമുള്ളവർ അറസ്റ്റിലായിരുന്നു.